"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 05-04-2021

**സർക്കുലർ നം 20**

ജയിൽ വകുപ്പദ്ധ്യക്ഷൻ ഉത്തര-മദ്ധ്യ-ദക്ഷിണ മേഖലയിലെ ജയിൽ സ്ഥാപനങ്ങൾ സന്ദർശിച്ച സമയത്ത് ഇൻറലിജൻസ് ഉൾപ്പെടെയുള്ള ചില നിരീക്ഷണ ഏജൻസികളും മറ്റു ചില അന്വേഷണ കേന്ദ്രങ്ങളും നൽകിയ സൂചനകൾ അനുസരിച്ച് കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ ചില ജയിൽ സ്ഥാപനങ്ങളിൽ മയക്കുമരുന്ന്, മൊബൈൽഫോൺ, മദ്യം എന്നിവ എത്തിക്കുന്നതിന് വേണ്ടി ചില റാക്കറ്റുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. മതിലിനു മുകളിലൂടെ ജയിലിനുള്ളിലേയ്ക്ക് നിരോധിത വസ്തുക്കൾ പൊതികളാക്കി എറിഞ്ഞുകൊടുക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ജയിലുകളുടെ പ്രവർത്തനങ്ങളെ തകർക്കുന്നതിനുള്ള ബോധപൂർവ്വമായ ഇത്തരം പരിശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിന് എല്ലാ ജീവനക്കാരും നിരന്തര ശ്രദ്ധ പുലർത്തേണ്ടതാണെന്ന് അറിയിക്കുന്നു.

1. ജയിലിന്റെ മതിൽക്കെട്ടിന് പുറമേയുള്ള റോന്തും, തടവുകാരെ സെല്ലിൽ നിന്നും പുറത്തിറക്കുന്നതിനു മുമ്പ് മതിൽക്കെട്ടിന് അകത്തെ ഭാഗത്തുള്ള പരിശോധനയും കർശനമാക്കുകയും അനധികൃത വസ്തുക്കൾ മതിലിനുള്ളിൽ എത്തിപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതൊടൊപ്പം ജയിൽ മതിൽക്കെട്ടിനു പുറത്ത് സംശയകരമായി അന്യരെ / അപരിചിതരെ കാണുകയാണെങ്കിൽ നിരീക്ഷിക്കേണ്ടതും നിയമപരമായ നടപടികൾ പോലീസുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതുമാണ്.

2. ആഴ്ച്ചയിൽ 2 തവണയെങ്കിലും മുൻക്കൂട്ടി അറിയിക്കാതെ ജയിൽ കോമ്പൌണ്ടിലും സെൽ/ ബാരക്കുകളിലും പരിശോധന നടത്തുകയും സേർച്ച് റജിസ്റ്ററിൽ അത് രേഖപ്പെടുത്തി സൂക്ഷിക്കുകയും വേണം.

3. തടവുകാരുടെ ശരീര പരിശോധന കൃത്യമായി നിർവ്വഹിക്കേണ്ടതാണ്.

ഇത്തരത്തിൽ അനധികൃത നിരോധിത വസ്തുക്കൾ കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്ക് പാരിതോഷികം നൽകാൻ തീരുമാനിച്ചിരിക്കുന്നതിനാൽ ഇതുസംബന്ധിച്ച് ശിപാർശകൾ ബന്ധപ്പെട്ട റിപ്പോർട്ട് സഹിതം സ്ഥാപനമേധാവികൾ സമർപ്പിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS

DIG(HQ)-8512/2021/PrHQ

755a0f

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ് ആൻ്റ് കറക്ഷണൽ സർവ്വീസസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല / ഉത്തര മേഖല.

DIG(HQ)-8512/2021/PrHQ

755a0f